**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2519** **12-10-2021 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിൽ പ്രത്യേക സെക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ബജറ്റിൽ 119 കോടി രൂപ നീക്കിവച്ചിട്ടുള്ള കശുവണ്ടി വ്യവസായവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സെക്രട്ടേറിയറ്റിൽ പ്രത്യേക സെക്ഷൻ നിലവിലില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ജോലിഭാരം കണക്കിലെടുത്തും കശുവണ്ടി മേഖലയുടെ ഏകോപനം ലക്ഷ്യമാക്കിയും വ്യവസായ വകുപ്പിൽ പുതിയ സെക്ഷൻ രൂപീകരിക്കുവാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | എങ്കിൽ പ്രസ്തുത ശിപാർശ നടപ്പാക്കാത്തതിന്റെ കാരണം അറിയിക്കുമോ; | (സി) | പൊതുഭരണ സെക്രട്ടേറിയറ്റിലെ ജോലിഭാരം ക്രമീകരിക്കുന്നതിനുള്ള പ്രവൃത്തി പഠനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട കരട് റിപ്പോർട്ട് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ നിന്നും കൈമാറിയിരുന്നു.പ്രസ്തുത റിപ്പോർട്ടിൽ കശുവണ്ടി സംബന്ധമായ വിഷയം കൈകാര്യം ചെയ്യുന്നതിനായി വ്യവസായ വകുപ്പിൽ ഒരു സെക്ഷൻ രൂപീകരിക്കേണ്ടതാണ് എന്ന് പ്രവൃത്തി പഠനം നടത്തിയ സമിതി ശുപാർശ ചെയ്തിരുന്നു. പ്രസ്തുത പ്രവൃത്തി പഠന റിപ്പോർട്ടിന്മേലുള്ള വ്യവസായ വകുപ്പിന്റെ അഭിപ്രായം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ അറിയിച്ചിരുന്നു. സമിതിയുടെ ശുപാർശ പ്രകാരം വ്യവസായ വകുപ്പിൽ വിഷയങ്ങൾ പുനഃക്രമീകരിക്കുമ്പോൾ ഉദ്യോഗസ്ഥർക്കുണ്ടാകുന്ന അമിതമായ ജോലിഭാരം സംബന്ധിച്ച വിഷയങ്ങൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ അറിയിച്ചിരുന്നു. വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച നിർദേശങ്ങൾ ജോലിഭാരം ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട സമിതിയ്ക്ക് കൈമാറിയിട്ടുണ്ട്.പരിഷ്കരിച്ച റിപ്പോർട്ട് പ്രകാരം ജോലിഭാരം ക്രമീകരിക്കുന്നതിനുള്ള തുടർ |

| | | | |
|---|---|---|---|
| | | | നടപടികൾ പൊതുഭരണ (എ.ആർ) വകുപ്പിൽ സ്വീകരിച്ചു വരുന്നു. |
| (ഡി) | കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പുതിയ സെക്ഷൻ രൂപീകരണം പ്രത്യേക വിഷയമായി പരിഗണിക്കുമോ? | (ഡി) | പൊതുഭരണ സെക്രട്ടേറിയറ്റിലെ ജോലിഭാരം ക്രമീകരിക്കുന്നതിനുള്ള പ്രവൃത്തി പഠനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട കരട് റിപ്പോർട്ട് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ നിന്നും കൈമാറിയിരുന്നു.പ്രസ്തുത റിപ്പോർട്ടിൽ കശുവണ്ടി സംബന്ധമായ വിഷയം കൈകാര്യം ചെയ്യുന്നതിനായി വ്യവസായ വകുപ്പിൽ ഒരു സെക്ഷൻ രൂപീകരിക്കേണ്ടതാണ് എന്ന് പ്രവൃത്തി പഠനം നടത്തിയ സമിതി ശുപാർശ ചെയ്തിരുന്നു. പ്രസ്തുത പ്രവൃത്തി പഠന റിപ്പോർട്ടിന്മേലുള്ള വ്യവസായ വകുപ്പിന്റെ അഭിപ്രായം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ അറിയിച്ചിരുന്നു. സമിതിയുടെ ശുപാർശ പ്രകാരം വ്യവസായ വകുപ്പിൽ വിഷയങ്ങൾ പുനഃക്രമീകരിക്കുമ്പോൾ ഉദ്യോഗസ്ഥർക്കുണ്ടാകുന്ന അമിതമായ ജോലിഭാരം സംബന്ധിച്ച വിഷയങ്ങൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ അറിയിച്ചിരുന്നു. വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച നിർദേശങ്ങൾ ജോലിഭാരം ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട സമിതിയ്ക്ക് കൈമാറിയിട്ടുണ്ട്. പരിഷ്കരിച്ച റിപ്പോർട്ട് പ്രകാരം ജോലിഭാരം ക്രമീകരിക്കുന്നതിനുള്ള തുടർ നടപടികൾ പൊതുഭരണ (എ.ആർ) വകുപ്പിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ